# STEPS MIGHSS

*Digital Magazine*



LITTLE KITES 2023-24

MIHSS FOR GIRLS PUDUPONNANI

Digital Magazine

Chief editor :- Jarjeesu Rahiman

Staff editor :- Sameera

Student editor :- Najiya

Editorial Board

Akbarsha
shahanas
Nafsiya
Jafna sherin
Gayathri
Saleema
Nasneen

# STEPS

A combination of foot and body movements constituting a unit or A repeated pattern. A dance step



# എം. ഐ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ

1994 -ൽ എം. ഐ. ഹൈസ്കൂൾ ബൈഫർക്കേറ്റ് ചെയ്ത് സ്ത്രീ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പെൺ കുട്ടികൾക്ക് മാത്രമായി രൂപപ്പെട്ട ഒരു എയ്ഡഡ് വിദ്യാലയമാണ് പുതുപൊന്നാനി എം. ഐ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. പൊന്നാനിയിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ തെക്ക് പുതുപൊന്നാനി യുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്നു. അനന്തമായ അറബികടലിലേക്ക് പ്രകാശം പൊഴിച്ച് സഞ്ചാരികൾക്ക് വഴി കാട്ടിയായി ഒരു വിളക്കുമാടമുണ്ട് പൊന്നാനിയിൽ , ആ ദിപസ്തംഭത്തേക്കാൾ എത്രയോ പ്രകാശം പൊഴിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രകാശഗോപുരമായി പരിലസിക്കുകയാണ് പുതുപൊന്നാനി എം. ഐ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ .

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 4 |
| 2 | അക്ക്ബർഷ | 5 |
| 3 | എന്റെ സഹാനുഭൂതി | 6 |
| 4 | നേരിന്റെ നന്മ നാണയം | 8 |
| 5 | സ്റ്റാഫ് ഡേ | 10 |
| 6 | മതേതരത്വം ഭീഷണിയിൽ | 13 |
| 7 | കൈറ്റ് മിസ്ട്രസ് | 14 |
| 8 | ജീവന്റെ തുടിപ്പ് | 16 |
| 9 | മായ ഓർമകൾ | 17 |
| 10 | അനുഭവം | 18 |
| 11 | തോരാത്ത പ്രണയം | 19 |



"ഹായ് സ്കൂൾ കുട്ടിക്കൂട്ടം
മുതൽ ലിറ്റിൽ കൈറ്റ്സ് വരെയുള്ള
യാത്രയിൽ നമ്മുടെ വിദ്യാലയത്തിലെ
വിവരവിനിമയ സാങ്കേതികവിദ്യയിൽ
അഭിരുചിയും കഴിവുമുള്ള കുട്ടികളെ
രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിച്ച
ലിറ്റിൽ കൈറ്റ്സിനും ഇതിനായി കുട്ടികളെ
പ്രാപ്തരാക്കിയ അധ്യാപകർക്കും എല്ലാവിധ
ആശംസകളും നേരുന്നു



## Akbarsha PN

അറിവിന് മതിലുകളില്ല ലിറ്റിൽ കൈറ്റിലെ ഓരോ കുട്ടിയും അറിവിന്റെ വാതായനങ്ങൾ മലർക്കെ തുറക്കുകയാണ്.പൊങ്ങി പറക്കട്ടെ: പറന്ന് പറന്ന് ചിറകുകൾക്ക് ശക്തി വരുമ്പോൾ .... അവർ അറിവിന്റെ അക്ഷയ ഖനികളായ് തീരട്ടെ.... ഈ മാഗസസിൻ അതിനുള്ള വെളിച്ചമാകട്ടെ.......................

# എന്റെ സഹാനുഭൂതി

ഒരു വർഷം മുമ്പ്, ഞാൻ എന്റെ മനസ്സുമായി അതിമനോഹരമായ ഒരു യാത്ര പോയി. അത് സങ്കടങ്ങളും സന്തോഷവും നിറഞ്ഞ ഒരു പരിചയമായിരുന്നു. ഞങ്ങളുടെ ലക്ഷ്യം രാജസ്ഥാൻ ആയിരുന്നു. ഞങ്ങൾ രാത്രിയിൽ എത്തി. കൂടാതെ, പിറ്റേന്ന് രാവിലെ ഞങ്ങൾ നടക്കാൻ പുറപ്പെട്ടു. തിരക്കുള്ള ഒരു തെരുവായിരുന്നു അത്. ഞാൻ അവിടെ പലതരത്തിലുള്ള ആളുകളെ കണ്ടു.എല്ലാവരും പലതരം വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്.നമ്മുടെ സംസ്ഥാനത്തെ ആളുകളുമായി താരതമ്യം ചെയ്യുമ്പോൾ അവിടെയുള്ള ആളുകൾക്ക് സഹാനുഭൂതി ഇല്ലായിരുന്നു. പകരം സഹാനുഭൂതി അവർ അനീതി കാണിക്കുന്നു. നമ്മൾ ഒരു കണ്ണ് സൂക്ഷിക്കണം, അവിടെയുള്ള പ്രധാന കാര്യങ്ങളിലൊന്ന് കാണാൻ മോഷണം. കൂടാതെ, സങ്കീർണ്ണവും ആശ്വാസകരവുമായ നിരവധി കാഴ്ചകൾ അവിടെയുണ്ട്. അതിലുപരിയായി...നമ്മുടെ സംസ്ഥാനവുമായി താരതമ്യപ്പെടുത്തുമ്പോൾ അതിഗംഭീരമായി ഞങ്ങൾ ശ്രദ്ധിക്കുന്നു, ആ യാചകരെല്ലാം ചെറിയ കുട്ടികളായിരുന്നു, അവർക്ക് സഹായിക്കാൻ ആരുമില്ലായിരുന്നു. ഏറ്റവും ഹൃദയസ്പർശിയായ കാര്യം ചെളിയിൽ പുതഞ്ഞ ഒരു ആൺകുട്ടിയാണ്. ആരുമില്ലാതെ അലഞ്ഞുതിരിയുന്നത് അവനെ സഹായിക്കാനായിരുന്നു. മാത്രമല്ല, അമേലിയയെ ബാധിച്ചു. അക്കാലത്ത്, ഈ ഇരട്ട കുഴപ്പത്തിൽ ഞാൻ കുടുങ്ങിപ്പോയല്ലോ എന്നോർത്ത് വിഷമിച്ചപ്പോൾ എനിക്ക് എന്റെ മാതാപിതാക്കളുടെ കാഴ്ച നഷ്ടപ്പെട്ടു. 2 ദിവസം കഴിഞ്ഞ് ഞങ്ങൾ ഞങ്ങളുടെ റസിഡൻസിയിലെ വഴിയിലൂടെ നടക്കുമ്പോൾ ഒരു പെൺകുട്ടിയെ കണ്ടു, ആ പെൺകുട്ടി ഞങ്ങളോട് അവളുടെ ഭാഷയിൽ എന്തോ പറയുന്നു. എനിക്ക് അവളുടെ ഭാഷ മനസ്സിലായില്ല. എന്തെങ്കിലും തരും എന്ന ആംഗ്യത്താൽ ഞാൻ പിടികൂടി. കൂടാതെ, എന്റെ അമ്മ അവൾക്ക് കുറച്ച് പണം നൽകി, എന്നിട്ട് അവൾ പറഞ്ഞു "എനിക്ക് കഴിക്കാൻ പണം വേണ്ട" അതിനാൽ എന്റെ അമ്മ അവൾക്ക് ഭക്ഷണവും ഒരു കുപ്പി വെള്ളവും നൽകുന്നു. വലതുപക്ഷം പിന്നെ തെരുവിൽ ഇരുന്നു. ഞങ്ങൾ തിരിച്ചെത്തി, പെൺകുട്ടിയെ കാണാനില്ല. ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ട്രിപ്പ് എക്സിക്യൂട്ടീവ് പറഞ്ഞു "ഈ കുട്ടികൾക്ക് പണം നൽകിയിട്ട് കാര്യമില്ല, അവർ അത് അവകാശപ്പെട്ടില്ല, ചില കഴുകന്മാർ അവരിൽ നിന്ന് മോഷ്ടിക്കുന്നു. കഴുകന്മാർ കുട്ടികളെ തട്ടിക്കൊണ്ടുപോയി കൈയും കാലും മുറിക്കുകയോ ഭിക്ഷ യാചിക്കാനായി രൂപമാറ്റം വരുത്തുകയോ ചെയ്യുക. എന്നിട്ട് കുട്ടികൾക്ക് കിട്ടുന്ന പണം സ്റ്റീൽ ചെയ്യുക. അതിനാൽ ഞങ്ങളുടെ ട്രിപ്പ് എക്സിക്യൂട്ടീവ് അവർക്ക് ഭക്ഷണം നൽകുന്നു, അതിനാൽ അവർക്ക് പണം നൽകുന്നതിൽ അർത്ഥമില്ല. അതൊരു ഭാഗമായിരുന്നു. ഞങ്ങളുടെ യാത്രയുടെ. ഈ യാത്ര എല്ലാ വർഷവും നടക്കുന്ന ഒരു യാത്രയാണ്.

ഈ അതിമനോഹരമായ മാസികയ്ക്ക് വേണ്ടി ഈ അനുഭവം എഴുതാൻ എന്നെ അനുവദിച്ചതിന്
*നന്ദി*

saleema
9 F

# സ്ക്കൂൾ പച്ച കറി തോട്ടം









# നേരിന്റെ നന്മ നാണയം

സ്കൂൾ കാന്റീനിൽ ജീരക സോഡ കുടിച്ചിരിക്കുകയായിരുന്നു. ഉച്ചക്ക് ശേഷമാണ്. രണ്ട് പെൺകുട്ടികൾ കയറി വന്നു.
യു പി ക്ലാസിൽ പഠിക്കുന്നവരാണ്. കാന്റീനിലെ താത്തയോട് അവിരിലൊരാൾ എന്തോ പറഞ്ഞു. ഒരു നാണയതുട്ടും കൊടുത്തു. താത്തയുടെ മുഖത്ത് പുഞ്ചിരി പടർന്നു. നാണയ തുട്ട് പാത്രത്തിലിട്ടു.

താത്തയുടെ മുഖത്തെ ചിരി കണ്ടുപ്പോൾ "എന്തേ"ന്ന് ചോദിച്ചു. "ഇന്റർവെൽ സമയത്ത് 10 രൂപ ചില്ലറയാക്കാൻ വന്നതായിരുന്നു അവർ. ചില്ലറ നൽകി. അതിൽ ഒരു രൂപ കൂടുതലുണ്ടായിരുന്നു. അത് തിരിച്ചു നൽകാൻ വന്നതാണ്. ഇങ്ങനെയുള്ള കുട്ടികളുമുണ്ട്." പുഞ്ചിരിയുടെ കാരണം താത്ത പറഞ്ഞു നിറുത്തി.

സംഗതി ഒരു രൂപയുടെ കാര്യമാണെങ്കിലും വലിയ സന്ദേശമുണ്ട് ആ കൈമാറ്റത്തിൽ. തന്റേതല്ലാത്ത ഒന്നും തന്റെതല്ലെന്ന വലിയ പാഠം. അശ്രദ്ധയോടെ വിട്ടുകളയുന്നതാണ് ഇതൊക്കെ. ഒരു രൂപയല്ലെ അത് പോട്ടെയെന്ന് കരുതി നിസാരവത്ക്കരിക്കുന്നവരായിരിക്കും ഏറെയും. ഒരു രൂപക്ക് അവിടെ വരെ പോകേണ്ടേ എന്നു കരുതുന്നവരുമുണ്ടാകും. അങ്ങനെയുള്ള വിചാരങ്ങൾക്കിടയിലാണ് ഈ വലിയ പാഠം.

നമ്മുടേതല്ലാത്തതിനെ വേണ്ടെന്ന് പറയാൻ മനസ്സുറപ്പ് വേണം. കട്ടെടുക്കാൻ അവസരങ്ങൾ ഏറെയുള്ള കാലത്ത് കയ്യിൽ വന്നുപെട്ട മറ്റൊരാളുടെ മുതൽ വേണ്ടെന്നു പറയാനും തിരിച്ചേൽപ്പിക്കാനും കനമുള്ള മനസാക്ഷിയുണ്ടാകണം. മൂല്ല്യങ്ങൾ അന്യം നിന്നവരാണെന്ന് പേർത്തുപേർത്തു പറയുന്ന പുതിയ തലമുറയുടെ പ്രതിനിധികളാണ് ആ ഒരു രൂപയുമായെത്തിയവർ.

പുതുപൊന്നാനി എം ഐ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ കാന്റീനിൽ കണ്ട കാഴ്ച്ച മനസ്സിൽ മഴ പെയ്യിക്കുന്നതാണ്. പുതിയ തലമുറയിൽ പ്രതീക്ഷയുടെ കതിരിടുന്നതാണ്. കുട്ടികളെ നിങ്ങൾ പൊളിയാണ്.

(((കെ വി നദീർ)))




shasthrolsavam-2023
IT FIR
First
Third
CONGRATULATION
MINHA YASMIN
PRESENTATION
AYISHA SHAMNA
ANIMATION
MIHSS FOR GIRLS
PUDUPONNANI


ലിറ്റിൽ കൈറ്റ്സ്
(2022-25) ANIMATION
ജില്ലാ ക്യാമ്പിലേക്ക്
Najiya SV.
MIHSS for Girls
Puduponnani
അഭിനന്ദനങ്ങൾ

*സ്റ്റാഫ് ഡേ*

**ബഹു: പ്രിൻസിപ്പൾ* *ആസിഫ്* *സാറിന്റെ വേറിട്ട അനുഭവമായി എം.ഐ.ഗേൾസ്***

*പുതുപൊന്നാനി എം.ഐ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ വേറിട്ട അനുഭവമായി.* മറ്റ് വിദ്യാലയങ്ങളിൽ നിന്ന് വ്യത്യസ്തമായി അധ്യാപക അനധ്യാപക ജീവനക്കാർ ഒറ്റക്കെട്ടായി വീറും വാശിയോടെ അവതരിപ്പിച്ച കലാപ്രകടനങ്ങൾ നവ്യാനുഭവമായി. വിരലിലെണ്ണാവുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ നടക്കാറുണ്ടെങ്കിലും ഗവ., എയ്ഡഡിൽ ഇത് നടക്കാറില്ല.

സ്കൂൾ സ്റ്റാഫും പ്ലസ് ടു സ്റ്റാഫും സംഘടിപ്പിച്ച മറ്റ് വിദ്യാലയങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.90 ശതമാനം ജീവനക്കാരും വിവിധ കലാപരിപാടികളുമായി സ്റ്റേജിൽ കയറി. ഓരോരുത്തരിലും അന്തർലീനമായി കിടക്കുന്ന കഴിവുകൾ ഇന്ന് പുറത്തെടുത്തു. നമ്മുടെ ഖലീൽ ഇബ്രാഹിമിന്റെ ഡാൻസ് ഒന്നൊന്നൊര നൃത്തമായിരുന്നു. ഖലീലിന് ഇങ്ങനെയൊരു കഴിവുള്ളത് ഞാൻ ആദ്യമായാണ് നേരിൽ കാണുന്നത്. ജിജി ടീച്ചറുടെ ഡാൻസും വേറിട്ടതായിരുന്നു. ലേഡി സ്റ്റാഫിൽ ആരും മാറി നിന്നിട്ടില്ല. എല്ലാരും കലാപ്രകടനത്തിൽ പങ്കെടുത്തു .

അഷ്ക്കർ സാറിന്റെ ഫാത്തിമാ പാട്ടോടെ തുടങ്ങിയ പരിപാടി ഗംഭീരമായി. *അഷ്ക്കർ സാർ, ഹബീബ്സാർ, മുനീബ് ,ഡാൻസ് മാസ്റ്റർ ഖലീൽ* എന്നിവരെല്ലാം മികച്ച പ്രകടനം കാഴ്ചവെച്ചു.

*പ്രീതി ടീച്ചർ ശരിക്കും നർത്തകിയാ വേണ്ടതായിരുന്നു.* നടി ശോഭനയുടെ ഡാൻസിനോട് കിടപിടിക്കുന്നതായിരുന്നു പ്രീതി ടീച്ചറുടെ ഡാൻസ്. .
*അഷ്ക്കർ ആൻറ് പാർട്ടി അവതരിപ്പിച്ച സംഘ ഗാനത്തിൽ പങ്കെടുക്കാൻ* *എനിക്കും മനാഫ് സാറിനും നദീറിനും അവസരം കിട്ടി.*

ന്നാലും എന്റെ മല്ലിക ടീച്ചറേ, അസ്മ ടീച്ചറേ 56 ലും നിങ്ങളുടെ
വട്ടപ്പാട്ടിലും മുനീബ് തിളങ്ങി. ഒപ്പം ഷമീമും കലീലും മോശമാക്കിയില്ല. സ്റ്റേജിൽ അരങ്ങേറിയ എല്ലാ ഡാൻസിലും ഖലീൽ ഇബ്രാഹിമിന്റെ കയ്യൊപ്പുണ്ടായിരുന്നു. വിളിക്കാത്ത പരിപാടിയിലേക്കും സദസിൽ നിന്ന് സ്റ്റേജിലേക്ക് ചാടിക്കയറി അവരോടൊപ്പം ചേർന്ന് ആടിത്തിമിർത്തു *നമ്മുടെ ഖലീൽ .*
സംഘ ഗാനത്തിൽ പ്രതീക്ഷിക്കാത്ത ഒരാൾ എന്റെടുത്ത് നിന്ന് പാടിയിരുന്നു. മഞ്ഞ ഷർട്ടായിരുന്നു വേഷം. *കമ്പ്യൂട്ടറിൽ മാത്രമല്ല പാട്ടിലും തന്റെ സാന്നിധ്യവും കഴിവും തെളിയിക്കുകയായിരുന്നു നമ്മുടെ അസീസ് സാർ.*

*ഷീല ടീച്ചർ, പ്രസീത ടീച്ചർ, കണ്ണട വെക്കാതെ വന്ന സജ്ന ടീച്ചർ, സമീന* *ടീച്ചർ, ഫൗസിയ ടീച്ചർ, ലുബി, എന്നിവരെല്ലാം സ്റ്റേജിൽ മികച്ച* *പ്രകടനമാണ്* *പുറത്തെടുത്തത്*

ഒരാളെ മാറ്റിനിർത്തിയതാണ് ഞാൻ. മറ്റാരുമല്ല നമ്മുടെ കോഡിനേറ്റർ റഷീദ ടീച്ചർ.പ്ലസ്ടുവിലെ താരമാണ് റഷീദ.ടൂർ പോയപ്പോൾ ടീച്ചറുടെ കലാപ്രകടനങ്ങൾ നേരിൽ കണ്ടു. കുട്ടികൾക്കും ഏറെ പ്രിയങ്കരിയാണ് റഷീദ ടീച്ചർ.ഏത് കൊടുത്താലും എനിക്ക് പറ്റില്ല എന്ന് പറയാറില്ല റഷീദ. ഏത് യും ഏറ്റെടുക്കും.

*മികച്ച ആയി നമ്മുടെ പ്രിയങ്കരനായ സ്റ്റാഫ് സെക്രട്ടറി* അഷറഫ് സാറും ഇന്ന് നല്ല ഫോമിലായിരുന്നു. മികച്ച സംഘാടകനാണെന്ന് അഷറഫ് സാർ ഒരിക്കൽ കൂടി ഇന്ന് തെളിയിച്ചു.

ഡാൻസിനിടയിൽ കണ്ണടയില്ലാതെ വന്ന സജ്ന ടീച്ചർ സ്റ്റേജിൽ വെച്ച് ൽ പേര് വരാത്ത കാര്യം ചോദിക്കുമെന്ന് കരുതി .അഷ്ക്കറും നദീറും ഈ ചോദ്യം പ്രതീക്ഷിച്ചിരുന്നു.പക്ഷെ സജ്ന ടീച്ചർ മറന്ന ദിവസമായിരുന്നു ഇന്ന് .

എല്ലാ കലാപരിപാടികളും വരാന്തയിലിരുന്ന് ആസ്വദിച്ച അനസ് സാർ വേറിട്ട കാഴ്ചയായി. സാർ ആദ്യാവസാനം വരെ ഓഡിറ്റോറിയത്തിൽ എല്ലാം വീക്ഷിച്ചും ആസ്വദിച്ചും ഇരിക്കുന്നുണ്ടായിരുന്നു

ഷാജി സാർ ഭക്ഷണ സമയമായപ്പോൾ മുങ്ങി. വാങ്ങി പോയതാ ട്ടൊ.
റസാക്ക് സാർ സ്റ്റേജിൽ വന്നില്ലെങ്കിലും ഓഡിറ്റോറിയത്തിൽ സജീവമായി എല്ലാവരോടും കുശലാന്വേഷണം നടത്തി നിൽപ്പുണ്ടായിരുന്നു.

സ്റ്റേജിൽ സംഘ ഗാനത്തിൽ എന്റെടുത്ത് നിന്നിരുന്ന നദീർ എഴുത്തുകാരൻ മാത്രമല്ല താൻ നല്ലൊരു ഗായകനുമാണെന്ന് തെളിയിച്ചു.

ഫൗസിയ ഗൈഡ്സ് കോഡിനേറ്റർ മാത്രമല്ല നല്ലൊരു നർത്തകിയുമാണെന്ന് ഇന്നത്തെ കലാപ്രകടനത്തോടെ മനസിലായി.
സമീന ഇന്നും സജീവമായിരുന്നു. പഠിക്കുന്ന കാലത്തും കലാപ്രകടനങ്ങളിൽ മുന്നിലായിരുന്നു സമീന ടീച്ചർ.

*ആരും ശ്രദ്ധിക്കാതെ പോയ ഒരു കലാകാരിയുണ്ടായിരുന്നു ഇന്ന് സ്റ്റേജിൽ .അത് മറ്റാരുമല്ല നമ്മുടെ രസതന്ത്ര ടീച്ചർ ദിലി.* ടീച്ചറും ഇന്ന് നല്ല ഫോമിലായിരുന്നു.
അൻസാറിന്റെ ഒരു കുറവുണ്ടായിരുന്നു ഇന്ന് .മണവാളനാക്കാൻ വിചാരിച്ചതാ എല്ലാരും.പക്ഷെ ആളെത്തിയില്ല.

*ലിജോ ഇല്ലാത്തത് കൊണ്ട്* *ഇന്നത്തെ പരിപാടിയുടെ അഭിപ്രായങ്ങൾ ഗ്രൂപ്പിലുണ്ടാവില്ലെന്ന്* *കരുതാം* .
നമ്മുടെ സുഹൈറ ടീച്ചറും വന്നില്ല. ഗസ്റ്റല്ലാത്ത ടീച്ചറായി വരാനുള്ള തയ്യാറെടുപ്പിലാവും സുഹൈറ ടീച്ചർ.
ഹിന്ദി ടീച്ചർ സജ്ല എന്നും വരുന്ന പോലെ മോളെയും കൂട്ടി ഓഡിറ്റോറിയത്തിലുണ്ടായിരുന്നു.

*എനിക്ക് ഏറെ സന്തോഷമുള്ള ദിവസമായിരുന്നു.* സ്റ്റാഫ് ഡേക്ക് എന്റെ കുടുംബവും നേരത്തെ എത്തിയിരുന്നു. പ്രിയതമ ഒഴികെ ബാക്കിയുള്ളവർ ആദ്യമായാണ് നമ്മുടെ സ്കൂളിൽ വരുന്നത്. സ്കൂളിലെ അന്തരീക്ഷം അവരെയും ആകർഷിച്ചു. അവർ അത് പ്രകടിപ്പിച്ചു.

ഇനി നമുക്ക് ഈ സന്തോഷമൊക്കെ റിസൾട്ടിലാവണം. ഇനിയുള്ള ദിവസങ്ങൾ ഈ കൂട്ടായ്മ *100 ശതമാനം റിസൾട്ട് ഉണ്ടാക്കുന്നതിലാവണം* . നമ്മൾ വിചാരിച്ചാൽ അത് നേടിയെടുക്കാം. ഉറപ്പ്.
*ജയ്* *എം.ഐ.ഗേൾസ്*
*ജയ് ടീം എം ഐ* *ഗേൾസ്***

## അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം







MOIDEEN KUTTY

# മതേതരത്വം ഭീഷണിയിൽ

"IF YOU TELL A LIE BIG ENOUGH AND KEEP REPEATING IT PEOPLE WILL EVENTUALLY COME TO BELIEVE IT" - ഗീബൽസ്

ഫാസിസ്റ്റ് താല്പര്യങ്ങളെ ദേശസ്നേഹ വാഴ്ത്താരിയുടെ മിഥ്യാ പ്രചരണം കൊണ്ട് പൊതിയാൻ ഭരണാധികാരികൾക്ക് പ്രത്യേക പരിശീലനം ലഭിക്കുന്നുണ്ട്. 20-ാം നൂറ്റാണ്ടിൽ ജർമ്മൻ ചിന്തകനായ 'ജോർജിദിമിത്രോവ്' ഫാസിസത്തെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ് "ഫാസിസം തീവ്രമായ സാമ്രാജ്യത്വസേവ ചെയ്യുമ്പോൾ തന്നെ ദേശരാഷ്ട്രത്തിന്റെ അഭിമാനത്തെ കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ടിരിക്കും. കടുത്ത അഴിമതിയിൽ മുങ്ങി കുളിച്ചു നിൽക്കുമ്പോൾ തന്നെ അവർ അഴിമതിക്കെതിരെ ഉഗ്രൻ പ്രസംഗം നടത്തി കൊണ്ടിരിക്കും."

1930കളിൽ ജർമ്മനിയിൽ ഫാസിസ്റ്റ് ഭരണാധി അഡോൾഫ് ഹിറ്റ്ലർ ചെയ്തതും ഇതാണ്. ജർമനിയുടെ സാമൂഹ്യ സാഹചര്യം മുതലെടുത്താണ് ഹിറ്റ്ലർ ജനങ്ങളെ വശീകരിച്ചത്. ജർമൻ ജനതയുടെ പട്ടിണിയും പിന്നോക്കാവസ്ഥയും പരിഹരിക്കാൻ അവതരിച്ച "മിശിഹാ" ആയാണ് ഹിറ്റ്ലർ വാഴ്ത്തപ്പെട്ടത്. സോഷ്യലിസവുമായി യാതൊരു ബന്ധവുമില്ലെങ്കിലും ഹിറ്റ്ലറുടെ പാർട്ടിയുടെ പേര് നാഷണൽ സോഷ്യലിസ്റ്റ് പാർട്ടി എന്നായിരുന്നു. ജൂതജനവിഭാഗമാണ് രാജ്യത്തിന്റെ പ്രശ്നങ്ങൾക്ക് കാരണമെന്ന് ആരോപിച്ച് ആര്യവംശ മഹിമ ഉയർത്തിപ്പിടിച്ച് ജൂതന്മാരെ കൊന്നൊടുക്കുന്നതിനുമാണ് ഹിറ്റ്ലറും ഗീബൽസും ആഹ്വാനം ചെയ്തത്. ഹിറ്റ്ലറുടെ മെഗഫോൺ ഗീബൽസ് ആയിരുന്നു.

" പ്രകാശിക്കുന്ന വിളക്കിനു മാത്രമേ മറ്റൊന്നിനെ പ്രകാശിപ്പിക്കാൻ കഴിയൂ"

-ടാഗോർ




# കൈറ്റ് മിസ്ട്രസ്



അറിവിനെയും വിജ്ഞാനത്തേയും സൃഷ്ടിച്ചെടുക്കുന്ന പഠനത്തിന്റെ അപരനാമം വിദ്യാർത്ഥിയെന്നാണ്. വിവരത്തെ കണ്ടെത്തുന്ന പഠനം അവസാനിക്കാത്തതിനാൽ വിദ്യാർത്ഥിയെന്ന വിശേഷണത്തിന് കാലപരിധിയല്ല. മനുഷ്യനിലെ വിദ്യാർത്ഥി ഏറ്റവും തീക്ഷണമായി നിൽകുന്നത്  വിദ്യഭ്യാസ കാലത്താണ്. പഠനം എന്നതുമാത്രം അജണ്ടയായുള്ള കാലമാണിത്. ഏതൊരു മനുഷ്യനേയും രൂപപ്പെടുത്തുന്ന നിർണ്ണായക ഘട്ടം. അറിവ് നൽകുന്ന സൗന്ദര്യം മനുഷ്യനിലുണ്ടാക്കുന്ന ഘടനാപരമായ മികവ് ആസ്വാദ്യമാണ്. ഏതൊന്നിനേക്കാൾ ആകർഷകമാണത്. വൈജ്ഞാനിക സമൂഹങ്ങൾക്കു മാത്രമാണ് കാലത്തെ അതിജയിക്കാനായിട്ടുള്ളത്. സമ്പത്തും അധികാരവും അടിയറവ് പറഞ്ഞിട്ടുള്ളത് വിജ്ഞാനത്തിനു മുന്നിലാണ്. വിദ്യാർത്ഥികളെന്നത് കാലം തേടുന്ന അനിവാര്യതയാണ്. അതിരുകളില്ലാത്ത പഠനകാലത്തിന്റെ ഇഷ്ടമാണ്. വിദ്യാത്ഥിയെ സമ്പൂർണമാക്കുന്ന പഠനങ്ങളോരോന്നും ചുറ്റുപാടുകൾക്ക് നൽകുന്നത് കരുത്തുറ്റ ഊർജ്ജമാണ്. കാലവും ചുറ്റുപാടുകളും ആവശ്യപ്പെടുന്ന വിദ്യാർത്ഥികളാകുകയെന്നതാണ് നിങ്ങൾക്കു മുന്നിലെ കർത്തവ്യം. അതിന് ഓരോരുത്തർക്കും ആകേണ്ടതുണ്ട്.


Robot




ജീവന്റെ തുടിപ്പ്
മർത്യാ......നീ ചിന്തിക്കൂ
9, K


# നല്ല ഓർമ്മകൾ



മുബീന ബീവി
10, I

അകന്നുപോയ ആകാലങ്ങൾ
ഓർമ്മകൾ ഇനിയും ബാക്കിയിരിക്കെ
ഗോപി മാഷിന്റെ ക്ലാസിലെ പതുങ്ങി
നിന്ന ആ തേൻമിഠായിക്കും
ഒരടിക്ക് പിന്നാലെ പന്ത്രണ്ട് അടി
തിരിച്ചു തരാൻ ഓടിയ ആ കാലവും
കോമ്പസ്സില്ലാത്ത മാത്സ് പിരീഡുകളും
കോമ്പസ്സിനാൽ കീറിമുറിഞ്ഞ ബെഞ്ചുകളും
പ്രണയത്തിൻ വാതിൽ തുറന്ന
ലൈബ്രറിയും

ഒരു മിഠായിക്കുവേണ്ടി പത്ത്
കരങ്ങൾ നീട്ടുന്ന ആ നിമിഷവും
ഇടവഴിയിലെ തൂണിനു പിന്നിൽ
ഒളിഞ്ഞിരുന്ന് സംസാരിക്കുന്ന
കാമുകി കാമുകന്മാരും
ബസ്റ്റാന്റിൽ പ്രേമലേഖനം കൈമാറിയതും
ഉച്ചയൂണിന്റെ പൊതിയിലെ
സ്വാദിഷ്ഠമാം വിഭവങ്ങൾ തൻ രുചിയും
തോളോട് തോൾ ചേർന്ന ആ മരച്ചുവടും
ആർത്തുല്ലസിച്ച ആ കാലം എങ്ങോ പോയ്
ദൂരെ ദൂരെ ദൂരെ
ഈ വിജനമാം വീഥിയിൽ
ഞാൻ തനിച്ചാകവെ
ഓർത്തുപോയ് ഞാനാ പഴയകാലത്തെ...





24,25 ഫെബ്രുവരി ശനി ഞായർ ദിവസങ്ങളിൽ തുവ്വൂർ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച നടന്ന ജില്ലാ ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരം എനിക്ക് ലഭിച്ചിരുന്നു. വളരെ മനോഹരമായ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരനുഭവമായിരുന്നു അത്. ഞാൻ വിചാരിച്ചതിലുമപ്പുറം വളരെ ആനന്ദകരമായ ഒരു ക്യാമ്പ്. ഞങ്ങൾക്ക് ക്ളാസ്സെടുത്ത് തന്ന അധ്യാപകർ ഞങ്ങൾ അവരുടെ കൂടെ എത്തുന്നുണ്ട് എന്ന് എപ്പോഴും ഉറപ്പ് വരുത്തിയിരുന്നു.എല്ലാവർക്കും മനസ്സിലാകുന്ന വിധത്തിൽ തന്നെ ക്ലാസ്സെടുത്തു തന്നു. നല്ല ഭക്ഷമായിരുന്നു അവിടെ ഉണ്ടായിരുന്നത്. രാത്രി ഞങ്ങൾ ലഹരിക്കെതിരായി മെഴുകുതിരി കത്തിച്ച് വച്ചിരുന്നു. അതിന് ശേഷം കുറച്ചു കലാപരിപാടികൾ ഉണ്ടായിരുന്നു.അത് ഞാൻ നന്നായി എൻജോയ് ചെയ്തു. ഞായറാഴ്ച രാവിലെ ഞങ്ങൾക്ക് exercise ഉണ്ടായിരുന്നു. അത് നല്ല രീതിയിൽ തന്നെ പിന്തുടരാൻ കഴിഞ്ഞു. ഈ ക്യാമ്പിൽ നിന്ന് കുറെയേറെ കാര്യങ്ങൾ ഞാൻ പഠിച്ചു.കുറെ സുഹൃത്തുക്കളെ കിട്ടി.എല്ലാ അദ്ധ്യാപകരും വളരെ നന്നായി ഞങ്ങളെ ട്രീറ്റ് ചെയ്തു. ഇനിയും ക്യാമ്പിന് പോകണമെന്നാഗ്രഹമുണ്ട് പക്ഷെ ഇനി അങ്ങനെ ഒരു അവസരമുണ്ടാകില്ല എന്നതിൽ എനിക്ക് വളരെ വിഷമമുണ്ട്

നാജിയ എസ് വി
9 A

# തോരാത്ത പ്രണയം



നിന്നോളം
മറ്റൊന്നും ഞാൻ കൊതിച്ചിട്ടില്ല
തോരാത്ത
പ്രണയമായിരുന്നു
എനിക്ക് നിന്നിൽ
ഞാൻ ഇന്നും
പ്രണയിക്കുന്നു
ആത്മാവിൽ
അലിഞ്ഞു ചേരാൻ
വരുമോ എന്റെ പ്രണയമേ...
കുപ്പി വളയിട്ട
കൈകളും വാലിട്ടെഴുതിയ
മിഴികളും
എന്റെ പ്രണയത്തെ
ഭ്രാന്തനാക്കുന്നു...
തോരാത്ത
പ്രണയമായി ഞാൻ
നിന്നിൽ പെയ്തു
കൊണ്ടേയിരിക്കും...



ഹുനൈന സി എച്ച്
10, A




# തുടരും...

അറിവ് പെയ്തും
വിജ്ഞാനം പരത്തിയും
തിരിച്ചറിവ് ഒഴുക്കിയും
സ്നേഹം പരത്തിയും
ചേർത്തുപിടിക്കലിന്റെ ആകാശം തീർത്തും
ഈ വിദ്യാലയം ജൈത്രയാത്ര തുടരും.

ഇരുപത്തഞ്ചാണ്ട്
തുല്യതയില്ലാത്ത
അടയാളപ്പെടുത്തലിന്റേതായിരുന്നു.
നന്മയുള്ള മനുഷ്യരെ സാധ്യമാക്കിയ
അടയാളപ്പെടുത്തൽ.
കരുണയുള്ള സഹജീവികളെ
രൂപപ്പെടുത്തിയ
അടയാളപ്പെടുത്തൽ.
മൂല്യമുള്ള ആകാരങ്ങളെ
സൃഷ്ടിച്ച അടയാളപ്പെടുത്തൽ.

മണ്ണിനെയും മനുഷ്യനെയും അറിയുന്ന
വലിയൊരു കൂട്ടത്തെ രൂപപ്പെടുത്തിയ
അടയാളപ്പെടുത്തൽ.
സ്വന്തമെന്നതിനപ്പുറത്തേക്ക്
മറ്റുള്ളവരെന്ന വിശാലതയെ പഠിപ്പിച്ച
അടയാളപ്പെടുത്തൽ.

പാഠപുസ്തകത്തിനപ്പുറത്തെ
വലിയപാഠങ്ങൾ പകർന്നുനൽകിയാണ്
ഈ മഹാവിദ്യാലയത്തിന്റെ യാത്ര
തുടരുന്നത്. കാലം ആവശ്യപ്പെടുന്ന
എല്ലാ പാഠങ്ങളും ഇനിയും തുടരും.
സമൂഹം ആവശ്യപ്പെടുന്ന
ആവശ്യങ്ങളൊക്കെയും
പിശുക്കില്ലാതെ തുടരാൻ മുന്നിലുണ്ടാവും.
അറിവുകൊണ്ടു മൂടിയ തിരിച്ചറിവുള്ള
സമൂഹത്തിന്റെ സൃഷ്ടിപ്പിനായി
വിശ്രമമില്ലാതെ യാത്രതുടരാൻ
ഒരുക്കമാണീ വിദ്യാലയം.